# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5098 30.06.2014-ൽ മറുപടിയ്ക്ക്**

**<u>രാഷ്ട്രീയ സംഘട്ടനങ്ങളും വർഗ്ഗീയലഹളകളും</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനം ഉണ്ടായിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 3588 രാഷ്ട്രീയ സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് 3588 കേസുകൾ രജിസ്റ്റർ ചെയ്യുകയും 15897 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത രാഷ്ട്രീയ സംഘട്ടനങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട് ; അവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) പ്രസ്തുത രാഷ്ട്രീയ സംഘട്ടനങ്ങളിൽ 16 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇവരുടെ രാഷ്ട്രീയ ബന്ധവും ജില്ല തിരിച്ചുള്ള കണക്കും അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റു ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം സബ് ഡിവിഷനിലെ പൂന്തുറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഇടയാർ എന്ന സ്ഥലത്ത് 11.10.2013-ന് ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരും ഹിന്ദു സമുദായത്തിൽപ്പെട്ടവരും തമ്മിൽ വർഗ്ഗീയ സംഘട്ടനം ഉണ്ടായിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 16 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ചില ഒറ്റപ്പെട്ട വർഗ്ഗീയ സ്വഭാവമുള്ള സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും, ഈ സംഘട്ടനങ്ങളിൽ 3 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളതാണ്. |
| ഡി) പ്രസ്തുത വർഗ്ഗീയ കലാപങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം | ജില്ല | രാഷ്ട്രീയ സംഘട്ടനം (എണ്ണം) | കേസ്സുകൾ രജിസ്റ്റർ ചെയ്തത് (എണ്ണം) | അറസ്റ്റ് ചെയ്തവർ (എണ്ണം) |
|---|---|---|---|---|
| 1 | തിരുവനന്തപുരം (സിറ്റി) | 23 | 23 | 53 |
| 2 | തിരുവനന്തപുരം (റൂറൽ) | 149 | 149 | 136 |
| 3 | കൊല്ലം സിറ്റി | 22 | 22 | 63 |
| 4 | കൊല്ലം റൂറൽ | 66 | 66 | 87 |
| 5 | പത്തനംതിട്ട | 83 | 83 | 249 |
| 6 | ആലപ്പുഴ | 211 | 211 | 1863 |
| 7 | കോട്ടയം | 120 | 120 | 487 |
| 8 | ഇടുക്കി | 36 | 36 | 71 |
| 9 | കൊച്ചി സിറ്റി | 5 | 5 | 23 |
| 10 | എറണാകുളം റൂറൽ | 3 | 3 | 0 |
| 11 | തൃശ്ശൂർ സിറ്റി | 23 | 23 | 154 |
| 12 | തൃശ്ശൂർ റൂറൽ | 208 | 208 | 1009 |
| 13 | പാലക്കാട് | 152 | 152 | 886 |
| 14 | മലപ്പുറം | 92 | 92 | 435 |
| 15 | കോഴിക്കോട് സിറ്റി | 86 | 86 | 253 |
| 16 | കോഴിക്കോട് റൂറൽ | 787 | 787 | 1705 |
| 17 | വയനാട് | 11 | 11 | 45 |
| 18 | കണ്ണൂർ | 1043 | 1043 | 5286 |
| 19 | കാസർഗോഡ് | 468 | 468 | 1705 |
| 20 | എസ്. പി. റെയിൽവേയ്സ് | 0 | 0 | 0 |
| 21 | എ.ഡി.ജി.പി. (ക്രൈംസ്) | 0 | 0 | 0 |
| | ആകെ | 3588 | 3588 | 15897 |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| ക്രമ നം. | ജില്ല | കൊല്ലപ്പെട്ടയാളുടെ പേര് | മരണപ്പെട്ടയാളുടെ രാഷ്ട്രീയ ബന്ധം |
|---|---|---|---|
| 1 | തിരുവനന്തപുരം (റൂറൽ) | 1. സജിൻ ഷാഹുൽ | എസ്.എഫ്.ഐ |
| | | 2. നാരായണൻ നായർ | സി.പി.ഐ. (എം) |
| 2 | കൊല്ലം റൂറൽ | 3. ശ്രീരാജ് | സി.പി.ഐ. (എം) |
| | | 4. രാജൻ പിള്ള | ബി.ജെ.പി. |
| 3 | ഇടുക്കി | 5. അനീഷ് രാജൻ | എസ്.എഫ്.ഐ. |
| 4 | തൃശ്ശൂർ സിറ്റി | 6. ഷാരോൺ | ബി.ജെ.പി. |
| | | 7. ഫാസിൽ | ഡി.വൈ.എഫ്.ഐ. |
| 5 | പാലക്കാട് | 8. വിനീഷ് | ഡി.വൈ.എഫ്.ഐ. |
| | | 9. ഹംസ | ഐ.യു.എം.എൽ. (എപി) |
| | | 10. നൂറുദ്ദീൻ | (ഡി.വൈ.എഫ്.ഐ. അനുഭാവികൾ ) |
| 6 | കോഴിക്കോട് റൂറൽ | 11. അനൂപ് | ഹിന്ദു ഐക്യവേദി/ബി.ജെ.പി |
| 7 | കണ്ണൂർ | 12. അഷ്റഫ് | സി.പി.ഐ. (എം) |
| | | 13. സി. ടി. അൻവർ | ഐ.യു.എം.എൽ. |
| | | 14.അബ്ദുൽ ഷുക്കൂർ | ഐ.യു.എം.എൽ. |
| | | 15. വിനോദ് കുമാർ | ബി.ജെ.പി/ ആർ.എസ്.എസ് |
| 8 | കാസർഗോഡ് | 16.എം. ബി. ബാലകൃഷ്ണൻ | സി.പി.ഐ.എം. |

NB:- കോഴിക്കോട് റൂറൽ ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട മറ്റു രണ്ടു രാഷ്ട്രീയ കൊലപാതകങ്ങളായ മനോജന്റെയും, ടി. പി. ചന്ദ്രശേഖരന്റെയും കൊലപാതകം രാഷ്ട്രീയ സംഘട്ടനത്തിനിടയിൽ നടന്ന കൊലപാതകങ്ങളല്ല. അതിനാൽ മുകളിൽ കാണിച്ച കണക്കുകളിൽ അത് ഉൾപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ